# വിശുദ്ധ കോക്കമംഗലം സ്ലീവായും പള്ളിപ്പുറം ഫൊറോന പള്ളിയും



ചാക്കോ സി. കടവിൽ



മാട്ടേൽ കായൽ പള്ളി

# വി. കോക്കമംഗലം സ്ലീവായും പള്ളിപ്പുറം ഫൊറോന പള്ളിയും

# വി. കോക്കമംഗലം സ്ലീവായും പള്ളിപ്പുറം ഫൊറോന പള്ളിയും

ചാക്കോ സി. കടവിൽ

അലക്സ് സി. കടവിൽ
കല്ലറയ്ക്കൽ കടവിൽ കുടുംബയോഗം ട്രഷറർ
പള്ളിപ്പുറം

## വി. കോക്കമംഗലം സ്ലീവായും
## പള്ളിപ്പുറം ഫൊറോന പള്ളിയും

ചാക്കോ സി. കടവിൽ
കല്ലറക്കൽ കടവിൽ
പള്ളിപ്പുറം പി. ഒ.
ചേർത്തല - 688 541
ഫോൺ: 0478- 2552634

**ലിപി വിന്യാസം**
പ്രിന്റിംഗ്
വിയാനി പ്രിന്റിംഗ്സ്

റീ- പബ്ളിക്കേഷൻ
അലക്സ് സി. കടവിൽ
കല്ലറക്കൽ കടവിൽ
കുടുംബയോഗം ട്രഷറർ
പള്ളിപ്പുറം
ഫോൺ: 9895223399





**ചാക്കോ സി. കടവിൽ** (Late)
**ഗ്രന്ഥകർത്താവ്**

# ആമുഖം

ക്രൈസ്തവസഭയോളം പഴക്കമുള്ള പുരാതന പള്ളിപ്പുറം ഫൊ. പള്ളി പല മഹത്ചരിത്ര സംഭവങ്ങൾക്കും സാക്ഷിയാണ്. ഈ പള്ളിയുടെ മഹത്വത്തിന് അടിസ്ഥാനകാരണം വി. തോമ്മാശ്ലീഹ കോക്കമംഗലത്തു സ്ഥാപിച്ച വി. കുരിശു ഇവിടെ ലഭിച്ചുവെന്നുള്ളതാണ്. ആ കുരിശു ഇവിടെ ലഭിച്ചതോടുകൂടി പള്ളിപ്പുറത്തിന്റെ ചരിത്രം ഉദിക്കുകയും ചെയ്തു. എന്നാൽ ആ വി. കുരിശു ഇവിടെ ലഭിച്ച സാഹചര്യങ്ങളേയും അതിനുശേഷം ഇവിടെ ഉണ്ടായിട്ടുള്ള മഹത് സംഭവങ്ങളേയും സംബന്ധിച്ച് പള്ളിപ്പുറം നാട്ടുകാർക്കുപോലും മതിയായ പരിജ്ഞാനമുണ്ടായിട്ടുണ്ടെന്ന് കരുതുവാൻ ന്യായമില്ല. എല്ലാ പള്ളികളിലും നാളാഗമം എഴുതിസൂക്ഷിക്കുക പതിവുണ്ട്. അതുവഴി അതാതുകാലത്തെ ഇടവക തലത്തിലുള്ള ചരിത്രസംഭവങ്ങൾ ഭാവിതലമുറക്കു വായിച്ചറിയുവാൻ കഴിയുമെങ്കിലും പള്ളിപ്പുറം പള്ളിയെ സംബന്ധിച്ച് അങ്ങനെയൊരു നാളാഗമം അടുത്ത കാലം വരെ ഉണ്ടായിരുന്നില്ല എന്നുള്ളത് ദയനീയമായ ഒരു പോരായ്മയാണ്. 1980-ൽ പള്ളിപ്പുറം ഫൊ. പള്ളി പുതുക്കി പണിതപ്പോൾ പ്രസിദ്ധീകരിച്ച സ്മരണികയിൽ പള്ളിയുടെ ചെറിയ ഒരു ചരിത്രം മാത്രമെ ചേർക്കുവാൻ കഴിഞ്ഞൊള്ളൂ. അതു കമ്മറ്റി അംഗങ്ങളെ പൊതുവേയും കൺവീനറായ എന്നെ പ്രത്യേകിച്ചും ഇഛാഭംഗപ്പെടുത്തി. അതിന്റെ ഫലമായി കിട്ടാവുന്നിടത്തോളം ചരിത്രവസ്തുക്കൾ തേടിപ്പിടിച്ച് കഴിയാവുന്നിടത്തോളം വിപുലമായ ഒരു ചരിത്രം രചിച്ച് പരസ്യപ്പെടുത്തുവാൻ ഒരവസരം കാത്തു കഴിയുകയായിരുന്നു ഞാൻ.

ഈ അവസരത്തിലാണ് പുതിയ വികാരി വെ.റവ. ജോസഫ് തെക്കി



നേൻ അച്ചന്റെ ആഗമനം. അദ്ദേഹത്തിന്റെ പരിശ്രമഫലമായി അതുവരെ ആരാലും കാര്യമായി ശ്രദ്ധിക്കപ്പെടാതേയും ആദരിക്കപ്പെടാതേയും ഇരുന്ന മുൻസൂചിപ്പിച്ച വി. കുരിശു ഏവരുടെയും ശ്രദ്ധയെ ആകർഷിക്കത്തക്ക വിധം സുവർണ്ണനിറമുള്ള ഒരു വലിയ കുരിശിന്റെ അടിഭാഗത്തു പെട്ടെന്നു കാണത്തക്കവിധം പുനഃപ്രതിഷ്ഠിക്കുകയും പള്ളിപ്പുറം പള്ളിയുടെ മുൻവികാരിയായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും അൽഫോൻസാമ്മയുടെയും പൂർണ്ണകായ പ്രതിമകൾ സ്ഥാപിക്കുകയും ചെയ്തു. പള്ളിയുടെ അനർഘങ്ങളായ പൂർവ്വകാലനേട്ടങ്ങളെ വെളിപ്പെടുത്തുന്ന ചരിത്രം പ്രസിദ്ധീകരിക്കണമെന്ന ആശയം അദ്ദേഹത്തിൽ ജനിക്കുകയും ഇടവക കൗൺസിൽ പ്രസ്തുതാശയം അംഗീകരിച്ച് കൃത്യനിർവ്വഹണത്തിനായി എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു.

പള്ളിപ്പുറം പള്ളിയെ സംബന്ധിച്ച് എന്റെ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ള പൂർവ്വികന്മാർ പറഞ്ഞുകേട്ടിട്ടുള്ള ഐതീഹ്യങ്ങളിൽ നിന്നും ചരിത്രകാരനും എന്റെ സുഹൃത്തുമായി കുറവിലങ്ങാട് ഷെവി. വി.സി. ജോർജ്ജ് BA, L.T. തന്ന ചില ചരിത്രഗ്രന്ഥങ്ങളിൽ നിന്നും ഉപദേശങ്ങളിൽ നിന്നും മണപ്പുറം കൊവേന്ത ലൈബ്രറിയിലെ ഗ്രന്ഥങ്ങളിൽ നിന്നും കിട്ടിയ അറിവുവച്ചും ഈ ചരിത്രമെഴുതുന്നതിന് എനിക്കു സാധിച്ചത് എന്നകാര്യം കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഇതിലുണ്ടായേക്കാവുന്ന ന്യൂനതകൾ ക്ഷമിച്ച് എന്റെ സംരഭത്തെ സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടുകൂടി പൊതുജനസമക്ഷം ഈ ചരിത്രപുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

പള്ളിപ്പുറം<br>
1-8-1987

എന്ന്,<br>
**ചാക്കോ സി. കടവിൽ**

നിങ്ങൾ ലോകമെങ്ങും പോയി സകലരേയും എന്റെ സുവിശേഷം അറിയിക്കുവിൻ (മർക്കോസ് 16:15) എന്നു ക്രിസ്തുനാഥൻ അവിടത്തെ ശിഷ്യന്മാർക്കു നല്കിയ അനുശാസനം പ്രാവർത്തികമാക്കുന്നതിനവലം ബിക്കേണ്ട ഉപാധികളെ സംബന്ധിച്ച് ആലോചിക്കുന്നതിനായി ശ്ലീഹന്മാർ എ.ഡി.50ൽ ജറുസ്ലേമിൽ സമ്മേളിച്ചു. തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാ കാതിരിക്കുന്നതിനുവേണ്ടി ഓരോരുത്തരും പോകേണ്ട രാജ്യം ഏതെന്നു നിശ്ചയിച്ചത് നറുക്കിട്ടായിരുന്നു. വിശുദ്ധ തോമാശ്ലീഹ ഇൻഡ്യയിലേക്കു പോരുന്നതിനാണ് നറുക്ക് വീണത്.

ആ കാലഘട്ടത്തിൽ കൊട്ടാരം പണിയുന്നതിനു ഒരു വിദഗ്ദശില്പി യെ കൊണ്ടുവരുന്നതിനുവേണ്ടി അന്നു കേരളം ഭരിച്ചിരുന്ന 'ഗുണ്ടഫർ രാജാവ് പേർഷ്യയിൽ നിന്നും ഇവിടെ വന്നു കച്ചവടം ചെയ്തുകൊണ്ടി രുന്ന 'ആബാൽ' എന്നു വിളിച്ചിരുന്ന ഒരു യഹൂദനെ ജെറുസലേമിലേക്ക യച്ചിരുന്നു. നിയുക്തകർത്തവ്യം നിർവ്വഹിക്കുവാൻ ആബാൽ പരമാവധി പരിശ്രമിച്ചുവെങ്കിലും വിജയപ്രദമാകായ്കയാൽ അത്യധികം നിരാശനാ യിത്തീർന്നു. എന്നാൽ ഒരു ദിവസം രാത്രിയിൽ ഉറങ്ങിക്കിടന്നപ്പോൾ അയാൾക്ക് ക്രിസ്തുനാഥൻ പ്രത്യക്ഷപ്പെടുകയും ശില്പവിദഗ്ദ്ധരെന്ന നിലയിൽ വി. തോമാശ്ലീഹായെ കാണിച്ചുകൊടുക്കുകയും അധിക താമസം വിനാ അവർ രണ്ടുപേരുംകൂടി ഇങ്ങോട്ടുപോരുകയും ചെയ്തു.

പെരുമാൾ ചോഴൻറാളായുള്ള
രാബാനോടുസഹിതങ്കൂടി
അറബിയിൽ നിന്നു കപ്പൽ കയറി
മാല്യൻകര വന്നെത്തിയിത
അറിവിനായി പറവേൻ
മിശിഹാക്കാലം അൻപതുധനുവം രാശിയിൽ

പ്രസ്തുത പാട്ടിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ എ.ഡി. 50-ൽ ആബാനോടുകൂടി വി. തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ വന്നുചേർന്നു. അന്നു കൊടുങ്ങല്ലൂർ ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ഒരു തുറമുഖവും കേരളം ഭരിച്ചിരുന്ന ചേരമാൻ പെരുമാക്കന്മാരുടെ രാജധാനിയുമായിരുന്നു. ശ്ലീഹ ആഗതനായി അധികകാലം കഴിയുന്നതിനു മുൻപ് കൊട്ടാരത്തിൽ ഒരു രാജകീയ വിവാഹം നടക്കുകയുണ്ടായി. ആ അവസരത്തിൽ ശ്ലീഹ



നടത്തിയ ഒരു വലിയ അത്ഭുതകൃത്യത്തിന്റെ ഫലമായി രാജകുടുംബ ങ്ങളും, കൊട്ടാരത്തിലെ ആശ്രിതന്മാരും മറ്റനേകം പേരും ക്രിസ്തുമത ത്തിൽ ചേർന്നു. അതായിരുന്നു ഭാരതത്തിലെ പ്രഥമവും പ്രധാനവുമായ വിശുദ്ധ തോമ്മായുടെ പ്രേക്ഷിതപ്രവൃത്തി.

റമ്പാൻ പാട്ടിൽ സൂചിപ്പിച്ചിരുന്നതുപോലെ എ.ഡി.50-ൽ വിശുദ്ധൻ കേരളത്തിൽ വന്നുവെങ്കിലും ചൈനയിലും മറ്റും പോയിട്ടുവന്നതിനു ശേഷം 52-ൽ മാത്രമെ കേരളത്തിലെ സിംഹഭാഗം പ്രേക്ഷിതപ്രവർത്തന ങ്ങളും നടത്തിയൊള്ളുവെന്ന കാരണം കൊണ്ടായിരിക്കാം 52-ലേ, ശ്ലീഹ കേരളത്തിൽ വന്നൊള്ളുവെന്നു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുവാൻ കാരണമെന്നു കരുതേണ്ടിയിരിക്കുന്നു. ചൈനയിലും മറ്റും പോയിട്ടു 52 -ൽ കൊടുങ്ങല്ലൂരിൽ മടങ്ങിയെത്തുകയും, അവിടെ നിന്നും കൊല്ലത്തു ചെന്ന് 53-ൽ കൊല്ലത്തും, 54-ൽ നിരണത്തും (തൃക്ക്പാലേശ്വരം) 55-ൽ ചായലിലും, അവിടെ നിന്നും 56-ൽ കോക്കമംഗലത്തും മാനസാന്തരപ്ര വർത്തനങ്ങൾ നടത്തുകയും അവിടെ എല്ലാ സ്ഥലങ്ങളിലും ഓരോ പ്രാർത്ഥനാലയങ്ങളുണ്ടാക്കുകയും ഓരോ കുരിശു സ്ഥാപിക്കുകയും ചെയ്തു.

കോക്കമംഗലത്ത് ആയിരത്തി അറുനൂറ് (1600) പേരെ മാനസാന്തര പ്പെടുത്തിയെന്നാണ് പ്രസ്തുത പാട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ ചുരുങ്ങിയ കോക്കമംഗലം പ്രദേശത്തുനിന്നു മാത്രം അത്രയും ആളുകളെ മാനസാന്തരപ്പെടുത്തിയെന്നു കരുതുന്നതു യുക്തിക്കു നിരക്കുന്നതല്ലല്ലോ. പരിസര പ്രദേശങ്ങളിൽ നിന്നും പല രേയും മാനസാന്തരപ്പെടുത്തിയെന്നു കരുതുന്നതാകാം ശരി.

അന്നത്തെ വിസ്തൃത കോക്കമംഗലം ചേർത്തല താലൂക്ക് മുഴുവനു മോ, അതിൽ കൂടുതൽ സ്ഥലങ്ങളോ, ചേർന്നതാണ് എന്നു കരുതാവുന്ന താണ്. കാരണം ചരിത്രരേഖകളിൽ കാണുന്നതിൽ പ്രകാരം അന്നു കേരളം 64 (അറുപത്തിനാല്) ഗ്രാമങ്ങളിലായി വിഭജിക്കപ്പെട്ടിരുന്നതിൽ ഒന്നായിരുന്നു കോക്കമംഗലം ഗ്രാമവുമെന്നു സന്യായം കരുതാവുന്നതാ ണല്ലോ. തന്നിമിത്തം പള്ളിപ്പുറവും ആ ഗ്രാമപരിധിയിൽപ്പെട്ടതായിരു ന്നുവെന്നു കരുതാവുന്നതാണ്.

ശ്ലീഹാ ഇവിടെ നിന്നും വടക്കൻ പ്രദേശങ്ങളിലേക്ക് പോയി അധികകാ ലവിളംബരമെന്യേ, കോക്കമംഗലത്ത് സ്ഥാപിച്ചിരുന്ന കുരിശ് മതവിദ്വേ ഷികളിൽ ആരൊ, സമീപത്തുള്ള കായലിലേക്ക് എറിഞ്ഞുകളഞ്ഞു. എന്നാൽ ആ കുരിശ് എവിടെ നിന്നും എറിഞ്ഞോ അതേ സ്ഥാനത്തു ചെന്നടിഞ്ഞു. രണ്ടാം പ്രാവശ്യം കുറെക്കൂടി ദൂരത്തേയ്ക്കു എറിഞ്ഞുവെ

ങ്കിലും മുൻപ്രാവശ്യത്തെപ്പോലെ എറിഞ്ഞ സ്ഥാനത്തുതന്നെ അടിഞ്ഞു. അത് അവരുടെ ഗാഢമായ ചിന്തക്കു വിഷയമായിത്തീർന്നു. മൂന്നാം പ്രാവശ്യം സമ്മർദ്ദവും ഭീഷണിയും പ്രയോഗിച്ച് ഒരു ക്രിസ്ത്യാനിയെക്കൊണ്ട് കുരിശ് എറിയിക്കുകയും ആ പ്രാവശ്യം അത് ഒഴുകി പള്ളിപ്പുറത്തിനു കിഴക്കുവശം സ്ഥിതിചെയ്യുന്ന മാട്ടുതുരുത്തിൽ വന്നടിയുകയും ചെയ്തു.

തുരുത്തിൽ അടിഞ്ഞുകിടന്നിരുന്നയവസരത്തിൽ ആ കുരിശിനു ഒരു തിളക്കമുണ്ടായിരുന്നു. തദവസരത്തിൽ അവിടെ പുല്ലുചെത്തുവാൻ ചെന്ന ഹൈന്ദവ സ്ത്രീകളിൽ ഒരുവൾ ആ തിളക്കമുള്ള വസ്തു എന്താണെന്നറിയുവാനുണ്ടായിരുന്ന ജിജ്ഞാസനിമിത്തം തന്റെ കൈവശമുണ്ടായിരുന്ന അരിവാൾ കൊണ്ടു തോണ്ടി വലിക്കുകയും, കുരിശിനുണ്ടായ ചെറിയ മുറിവിൽകൂടി രക്തം പ്രവഹിക്കുകയും ആ സ്ഥലത്തുണ്ടായിരുന്ന വെള്ളം രക്തമായിത്തീരുകയും ചെയ്തു. അപ്രതീക്ഷിതമായിട്ടുണ്ടായ ആ അത്ഭുതം അവരെ പരിഭ്രാന്തരാക്കിത്തീർക്കുകയും ഉടനെ പുല്ലുചെത്തു നിർത്തിയിട്ട് അവർ വള്ളത്തിൽ കയറി വൻകരയിലുണ്ടായിരുന്നവരിൽ പലരോടും ഈ വിവരം പറയുകയും ചെയ്തു.

ആ വിവരം അറിഞ്ഞവരിൽ പലരും ആ അത്ഭുതവസ്തു കാണുന്നതിന് തുരുത്തിലേക്കുപോയി. അപ്രകാരം പോയവരിൽ ക്രിസ്തുമതത്തിൽ ചേർന്നിരുന്ന കല്ലറക്കൽ ഇല്ലത്തിലെ കാരണവരുണ്ടായിരുന്നു. അദ്ദേഹം അതുകണ്ടമാത്രയിൽ അതു തങ്ങളുടെ ആരാധനാപാത്രമായിരുന്ന കുരിശാണെന്നു മനസ്സിലാക്കുകയാൽ, അതുടനെ ഭക്തിപൂർവ്വം എടുത്തുകൊണ്ടുപോയി തന്റെ വീടിന്റെ പ്രധാനസ്ഥാനത്തു വയ്ക്കുകയും ചെയ്തു.

എന്നാൽ ആ കുരിശു വീട്ടിൽ കൊണ്ടുചെന്നുവച്ച് അന്നുമുതൽ ആ വീട്ടിൽ അസ്വസ്ഥതയുളവായി. തന്മൂലം മുൻപതിവനുസരിച്ച് പ്രശ്നക്കാരനെ വരുത്തി പ്രശ്നം വയ്പിച്ചു. ആ കുരിശു ഒരു കുടുംബത്തിൽ വയ്ക്കുവാൻ പാടില്ലാത്തവിധം അത്രയ്ക്കു പൂജ്യമായ ഒന്നാണെന്നും, അസ്വസ്ഥത മാറണമെങ്കിൽ ഒരു പ്രത്യേക പ്രാർത്ഥനാലയം നിർമ്മിച്ചു അതിൽ ആ കുരിശുവച്ചു പൂജിക്കണമെന്നുമായിരുന്നു പ്രശ്നവിധി.

പ്രശ്നവിധിപ്രകാരം മുൻപ് അമ്പലക്കടവ് എന്നുപറയപ്പെട്ടിരുന്ന ഇപ്പോഴത്തെ പള്ളിക്കടവിന്റെ തൊട്ടുവടക്കുവശം ഒരു പ്രാർത്ഥനാലയമുണ്ടാക്കി കുരിശ് അതിൽ സ്ഥാപിക്കുകയും ചെയ്തു. തദനന്തരം സ്ഥലത്തുണ്ടായിരുന്ന ക്രിസ്തുമതവിശ്വാസികൾ അതിൽ പ്രാർത്ഥനകൾ നടത്തിക്കൊണ്ടുമിരുന്നു. ആ പ്രാർത്ഥനാലയം ഇരുന്ന വസ്തുവിന്റെ ഉടമ



യായിരുന്ന കല്ലറയ്ക്കൽ കുടുംബക്കാർ തങ്ങളുടെ വക വള്ളക്കടവ് പുരയിടത്തിന്റെ തെക്കെ അരികിൽ അഞ്ചുസെന്റ് സ്ഥലം തീറെഴുതികൊടുക്കുകയും ചെയ്തു.

പതിമൂന്നിഞ്ചോളം നീളവും എട്ടിഞ്ചോളം വീതിയുള്ള വളരെ കടുപ്പമുള്ളതുമായ ഒരു പലകയിൽ കുരിശിന്റെ ആകൃതിയിലുള്ള ഭാഗം നിർത്തിയിട്ടു ബാക്കിഭാഗം കൊത്തിക്കളഞ്ഞിട്ടുള്ളതുമാണ് പ്രസ്തുത കുരിശ്. ആ കുരിശിന്റെ കുറെഭാഗം നഷ്ടപ്പെട്ടുപോയിട്ടുള്ളതും, ബാക്കിഭാഗം അവിടവിടെ ചിതലെടുത്തുപോയതുപോലെയുമാകുന്നു. ഇവയ്ക്ക് രണ്ടു കാരണങ്ങളുണ്ടെന്നാണ് ഐതീഹ്യം. ഗുരുതരമായ രോഗങ്ങളുണ്ടാകുമ്പോൾ ആ കുരിശ് അല്പം ചീകി വെള്ളത്തിൽ കലക്കിക്കൊടുത്താൽ രോഗങ്ങൾ അത്ഭുതകരമാംവിധം സുഖപ്പെട്ടുകൊണ്ടിരുന്നതിനാൽ അപ്രകാരം കൊടുത്തു പോയതുകൊണ്ടാണ് അതിൽ കുറെഭാഗം നഷ്ടപ്പെട്ടുപോയതെന്നുള്ളതാണ് ഒന്ന്. രണ്ടാമത്തേത് പുരാവസ്തുവെന്ന കാരണത്താൽ അതുകൊണ്ടുപോയി അന്നത്തെ വരാപ്പുഴ മെത്രാസനാരമനയിൽ വയ്ക്കുവാൻ മെത്രാനച്ചൻ തീരുമാനിച്ചിരിക്കുന്നുവെന്നു ഇവിടെ അറിഞ്ഞുവെന്നും, അതു അപ്രകാരം ഇവിടെനിന്നും കൊണ്ടുപോകുന്നത് ഇവിടുത്തെ (സ്ഥലം) പള്ളിക്കു ഒരു അപരിഹാര്യമായ നഷ്ടമായിത്തീരുമെന്നുള്ള കാരണത്താൽ അത് കുറെക്കാലം പള്ളിമുറിയുടെ ഒരു ഭാഗത്ത് കുഴിച്ചിട്ടിരുന്നപ്പോൾ ചിതലു തിന്നതുമാണെന്നുമാണ് ഐതീഹ്യം.

ആ കുരിശ് അടുത്തകാലംവരെ തെക്കേസൈഡ് ആൾട്ടറിന്റെ മുകൾഭാഗത്ത് സൂക്ഷിച്ചു ചില്ലിട്ടുവച്ചിരിക്കുകയായിരുന്നു. 1987 ജൂലൈ 2-ാം തീയതി ചാവറ പിതാവിന്റെയും അൽഫോൻസാമ്മയുടേയും രൂപങ്ങൾ പ്രതിഷ്ഠിച്ച ആലപ്പുഴ മെത്രാൻ ഡോ. പീറ്റർ ചേനപറമ്പിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത ആൾട്ടറിന്റെ മുൻവശത്തു സ്ഥാപിച്ചിട്ടുള്ള സ്വർണ്ണ നിറത്തിലുള്ള വലിയ കുരിശിന്റെ താഴത്ത് സ്റ്റെപ്പുകളുടെ ഉള്ളിൽ സ്ഥാപിക്കുകയും അത്ഭുത കുരിശ് കാണത്തക്ക വിധത്തിൽ ചില്ലിട്ടുവച്ചിട്ടുള്ളതുമാകുന്നു.

വി. തോമ്മാശ്ലീഹ സ്ഥാപിച്ച ഏഴു കുരിശുകളിൽ മൂന്ന് എണ്ണം വടക്കൻ പ്രദേശങ്ങളിലും മൂന്നു എണ്ണം തെക്കൻ പ്രദേശങ്ങളിലുമായിരുന്നു. മദ്ധ്യപ്രദേശത്തു സ്ഥാപിച്ച ഏക കുരിശ് ഇപ്പോൾ ഇവിടെയുള്ളതുമാത്രവും. ആ ഏഴു കുരിശുകളിൽ ഇവിടേയും നിരണത്തുമുള്ളതും കഴിച്ച് ബാക്കി അഞ്ചും ഓരോ കാരണവശാൽ നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. നിരണത്തുള്ളതാകട്ടെ ശീശ്മയിൽപെട്ട ഓർത്തഡോക്സുകാരുടെ കൈവശവുമാകുന്നു. ആകയാൽ കത്തോലിക്കരുടെ പക്കലുള്ള ഏക

കുരിശ് പള്ളിപ്പുറത്തുള്ളതു മാത്രമാണെന്നുള്ളതു പള്ളിപ്പുറത്തുകാർക്ക് തികച്ചും അഭിമാനത്തിനു വകയുള്ളതാണല്ലോ.

പള്ളിക്കടവിനു വടക്കുവശത്തു സ്ഥാപിച്ച പ്രാർത്ഥനാലയം വിശ്വാസികൾക്ക് ഒരുമിച്ച് പ്രാർത്ഥിക്കുവാൻ മതിയായ സ്ഥലമില്ലാതായിത്തീർന്നു. കാരണം, മദ്ധ്യകേരളത്തിലെ ഏകപ്രാർത്ഥനാലയമായിരുന്നതിനാൽ അയൽനാടുകളിൽ വസിച്ചിരുന്നവരും അന്യനാടുകളിൽ നിന്നും ഇവിടെ വന്നു താമസിച്ചിരുന്നവരും ചില ദിവസങ്ങളിലെങ്കിലും പ്രാർത്ഥനക്കായി ഒരുമിച്ച് അവിടെ കൂടിയിരുന്നതുമാണ്. തന്നിമിത്തം പ്രാർത്ഥനാലയം (ദൈവാലയം) കുറെക്കൂടി വിസ്താരമുള്ളതാക്കിത്തീർക്കേണ്ടി വന്നു. എന്നാൽ അന്നുണ്ടായിരുന്ന ദൈവാലയം അവിടെത്തന്നെ കൂടുതൽ വലിപ്പത്തിൽ പണിയുവാൻ സ്ഥലസൗകര്യമില്ലാതിരുന്നതിനാൽ അല്പം പടിഞ്ഞാറു വശത്തേക്കുമാറ്റി പണിയേണ്ടി വന്നു. ഇപ്പോൾ കിഴക്കേ കപ്പേള (കുരിശുപള്ളി) നില്ക്കുന്ന സ്ഥാനമായിരുന്നു അത്. ആ സ്ഥാനത്തുതന്നെ പല പ്രാവശ്യം പൊളിച്ചു പണിതതാണ് ഇപ്പോഴുള്ള കുരിശുപള്ളി.

പല നൂറ്റാണ്ടുകൾക്കുള്ളിൽ പലനാടുകളിൽ നിന്നും ക്രിസ്ത്യാനികൾ ധാരാളം ഇവിടെവന്നു താമസിക്കുവാൻ ഇടയായതിനാൽ അന്നുണ്ടായിരുന്ന പള്ളിക്കും വിസ്താരം പോരാതെവരുകയാൽ കൂടുതൽ വിസ്താരമുള്ള പള്ളി ആവശ്യമായിത്തീർന്നു എന്നാൽ പ്രസ്തുത കുരിശുപള്ളിയിരിക്കുന്ന സ്ഥലം ആവശ്യത്തിനു മതിയായ്കയാൽ സൗകര്യമുള്ള മറ്റു ഏതെങ്കിലും സ്ഥലം കണ്ടുപിടിക്കേണ്ടിവന്നു. ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലം ഇപ്പോൾ കന്യകാമഠം സ്ഥിതിചെയ്യുന്ന പുരയിടത്തിന്റെ എതിർവശത്തുള്ള കല്ലുങ്കൽ പുരയിടമായിരുന്നു. അന്നത്തെ ആചാരം അനുസരിച്ച് ആ പുരയിടത്തിൽ ഒരു പട്ടി പ്രസവിച്ചുകിടന്നതുകൊണ്ടുണ്ടായ അശുദ്ധത കാരണം പള്ളിവക്കാൻ മറ്റൊരു പുരയിടം കണ്ടുപിടിക്കേണ്ടി വന്നു. അനന്തരം ഇപ്പോഴത്തെ വലിയപള്ളി നില്ക്കുന്ന പുരയിടങ്ങളിൽ ഒന്നായ തോപ്പിൽ പുരയിടത്തിൽ പണിയിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. ഈ വസ്തുക്കളുടെ അടിസ്ഥാനത്തിൽ ആരൊ ഒരാൾ രചിച്ച പദ്യത്തിന്റെ പ്രസക്തഭാഗം താഴെ ചേർത്തുകൊള്ളുന്നു.

കല്ലുങ്കൽ പട്ടിനായ് പെറ്റതശുദ്ധമെങ്കിൽ
തോപ്പിൽ ചെറിയാനുതുപ്പിന്റെ പുരയിടമതു നന്ന്.

പ്രസ്താവിത തോപ്പിൽ പുരയിടം ഇപ്പോഴത്തെ പള്ളിമുറിയുടെ ഏകദേശം പകുതിക്കു കിഴക്കോട്ടുള്ള പുരയിടമാണ്. എന്നാൽ ആ പുരയിടത്തിനു വേണ്ടത്ര വിസ്താരമില്ലാതിരുന്നത് ഒരു വിഷമപ്രശ്നമായിത്തീർന്നു. ഈ വിവരങ്ങൾ മനസിലാക്കിയ പള്ളിയുടെ തെക്കേ പുരയിടമായ



മാളേക്കൽ താമസിച്ചിരുന്ന 'മാളേക്കൽ ചെട്ടിയാർ' സ്വമനസാലെ സംഭാവന ചെയ്തതാണു പള്ളിപ്പുരയിടത്തിന്റെ ബാക്കി സ്ഥലം. അവിടെ ആദ്യം പണിത പള്ളി ഇപ്പോഴത്തെ സെമിത്തേിയിരിക്കുന്ന സ്ഥാനത്തും സെമിത്തേരി ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥാനത്തുമായിരുന്നു. ആ പള്ളിക്കും വിസാതരം പോരാതെ വരികയാൽ അന്നത്തെ പള്ളി സെമിത്തേരി ക്കായിട്ട് ഉപയോഗിക്കുകയും അതിനു വടക്കുവശം വേറെ പള്ളി പണിയി ക്കുകയും ചെയ്തു. അതു പിന്നീടു പല പ്രാവശ്യം പൊളിച്ചു പണിയിപ്പിച്ചിട്ടുണ്ടെന്നാണ് ഐതീഹ്യം.

അടുത്തകാലത്ത് ആധുനികരീതിയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയ പള്ളി പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുടെ ആഗമനത്തിനുശേഷം അവരിൽ ചില തച്ചുശാസ്ത്രജ്ഞന്മാരുടെയും സഹായസഹകരണങ്ങളോടുകൂടി പണിയിപ്പിച്ചിട്ടുള്ളതാണെന്നാണു പറയപ്പെടുന്നത്. ആ പള്ളിയുടെ അൾത്താരയ്ക്കും മുഖവാരത്തിനുംയാതൊരു മാറ്റവും വരുത്താതെ ഇടയ്ക്കുള്ള ഭാഗം മാത്രമേ പൊളിച്ചുപണിതുള്ളുവെന്നും അപ്രകാരം ചെയ്തതു സമീപകാലത്തു കാലഗതി പ്രാപിച്ച കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ നിർദ്ദേശത്തെ ആദരിച്ചാണെന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണ്.

മുൻ സൂചിപ്പിച്ചതുപോലെ മദ്ധ്യകേരളത്തിലെ ഏക പ്രാർത്ഥനാലയമായിരുന്നു പള്ളിപ്പുറം പള്ളി. ഈ പള്ളിയുടെ ഇടവകാതിർത്തി കുറവിലങ്ങാടുമുതൽ അർത്തുങ്കല്വരെയും ആലപ്പുഴമുതൽ തൃപ്പൂണിത്തുറവരെയും ആയിരുന്നുവെന്നു പറയപ്പെടുന്നു. വിദൂരത്തു താമസിച്ചിരുന്ന ഇടവകക്കാർ അസാധാരണയവസരങ്ങളിൽ മാത്രമേ പള്ളിയിൽ വരാറുണ്ടായിരുന്നൊള്ളുവെന്നും കിഴക്കൻ പ്രദേശങ്ങളിൽ അന്നു വന്യമൃഗങ്ങളുണ്ടായിരുന്നതിനാലും ഇന്നത്തെപ്പോലെ യാത്രാസൗര്യങ്ങളില്ലാതിരുന്നതിനാലും കൂട്ടംകൂടി പൊതിച്ചോറുകൊണ്ടാണു വന്നിരുന്നതെന്നുമാണ് ഐതീഹ്യം. കൂടാതെ വിദൂരസ്ഥലങ്ങളിൽ ഇവിടെനിന്നും പോയി താമസമു റപ്പിച്ചവരുടെ പിൻഗാമികൾ ഇപ്പോഴും വന്നു നേർച്ചകാഴ്ച സമർപ്പിക്കാറു മുണ്ട്. അപ്രകാരം വരുന്നവരിൽ നല്ലൊരുശതമാനം പേരും അകത്തോലിക്കാ ക്രിസ്ത്യാനികളാണെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണ്.

പൗരാണികകാലങ്ങളിലെ ഈ പള്ളിയുടെ ചരിത്രം ഹീബ്രു, തമിഴ് ആദിയായി ഭാഷകളിൽ കരിങ്കല്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതും കരിങ്കല്ലുകൊണ്ടു നിർമ്മിച്ചിട്ടുള്ള വലിയ മാമ്മോദീസാത്തൊട്ടിയും ചുരുങ്ങിയ ദശാബ്ദങ്ങൾക്കുമുമ്പുവരെ പള്ളിയുടെ പടിഞ്ഞാറെ റോഡരികിലുള്ള

കപ്പേളയുടെ സ്ഥാനത്തും അതിനു കുറേ കിഴക്കോട്ടു മാറിയും സ്ഥാപിച്ചിരുന്ന വലിയ കരിങ്കൽ കുരിശുകളും ഈ പള്ളിയുടെ പൗരാണികത്വത്തെ വിളിച്ചറിയിക്കുന്നവയുമാണ്.

പൗരാണികകാലങ്ങളിൽ രാജാക്കന്മാരുടെ കൊട്ടാരങ്ങളും മറ്റുമല്ലാതെ കല്ലുകൊണ്ടു പണിയിക്കരുതെന്നു നിഷ്കർഷയുണ്ടായിരുന്നതിനാൽ അന്നുണ്ടായിരുന്ന പള്ളികൾ അമ്പലങ്ങുടെ മാതൃകയിൽ തടികൊണ്ടു മാത്രമേ പണിയിച്ചിരുന്നുള്ളൂ. യൂറോപ്യന്മാരുടെ ഭരണകാലത്തും അതിനുശേഷവും മാത്രമേ പള്ളികൾ കല്ലുകെട്ടി പണിയിച്ചിട്ടുള്ളുവെന്ന വസ്തുതയും പ്രസ്താവ്യമാണ്.

കോക്കമംഗലത്തുനിന്നും കായലിൽക്കൂടി ഒഴുകിവന്നടിഞ്ഞുകിടന്ന മാട്ടേൽ തുരുത്തിൽ വി. കുരിശിന്റെ സ്ഥാനത്തിന്റെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി ഒരു നൂറ്റാണ്ടിനുമുമ്പു പണിയിച്ചതാണ് മാട്ടുതുരുത്തിലെ കപ്പേള അഥവാ മാട്ടേൽപള്ളി. ആ കപ്പേളയിൽവച്ചാണു വി. തോമാശ്ലീഹായുടെ ദുഹറാന അഥവാ ഓർമ്മത്തിരുന്നാൾ കൊണ്ടാടുന്നത്. അന്ന് അവിടെ നടത്തപ്പെടാറുള്ള കർമ്മാദികൾക്കുശേഷം വിപുലമായ തോതിൽ പാച്ചോറുനേർച്ച വിതരണം ചെയ്യാറുണ്ട്. അതിനുശേഷം ഓടിവാള്ളങ്ങളുടെ അകമ്പടിയോടുംകൂടി വി. കുരിശും വഹിച്ചുകൊണ്ടു ജലഘോഷയാത്രയായി നടത്തപ്പെടാറുള്ള പ്രദക്ഷിണം വലിയപള്ളിയിൽ വന്നുചേർന്നതിനുശേഷം പരിപാടികൾ അവസാനിപ്പിക്കുകയുമാണ്. പതിവ്. അന്നു തുരുത്തിലേക്കു ജനങ്ങൾക്കു സൗകര്യമായി പോകുന്നതിനായി ചങ്ങാടവുമുണ്ടായിരിക്കുന്നതാണ്.

അതുപോലെതന്നെ വി. കുരിശു ആദ്യം പ്രതിഷ്ഠിച്ച സ്ഥലത്തിന്റെയും പ്രാർത്ഥനാലയത്തിന്റെയും സ്മരണയെ നിലനിർത്തുന്നതിനായി സെപ്തംബർ 14-ാം തീയി നടത്തപ്പെടാറുള്ള കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നടത്തുന്നതു കായൽത്തീരത്തുള്ള കിഴക്കേ കപ്പേളയിൽവച്ചുമാണ്. ആ തിരുനാളിന്റെയും കർമ്മല മാതാവിന്റെയും തിരുനാളുകളുടെ ചെലവു കല്ലറയ്ക്കൽ കുടുംബത്തിനുവേണ്ടി അതിന്റെ ഒരു ശാഖയായ കടവിൽ കുടുംബക്കാരാണു വഹിച്ചുവരുന്നത്. മാത്രവുമല്ല ദിവസംതോറും ആ കപ്പേളയിൽ സന്ധ്യാവിളക്കു കത്തിക്കാറുള്ളതും ആ ശാഖാ കടുംബക്കാർതന്നെയാണ്. അവയുടെ ചെലവുകൾക്കായി തറവാട്ടിൽ താമസിക്കുന്ന ആൾ ആദായമെടുക്കുന്നതിനായി പ്രത്യേകം വസ്തു ഭാഗഉടമ്പടി പ്രകാരം വിശേഷാൽ വച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.



# പരിശുദ്ധ കന്യകാമറിയത്തിന്റെ അത്ഭുതചിത്രം

ക്രിസ്തുവിന്റെ മാതാവായ പരി. കന്യകാമറിയം എന്നും സഭയ്ക്ക് ഒരു താങ്ങും തണലുമായിട്ടാണല്ലോ വർത്തിച്ചുകൊണ്ടിരിക്കുന്നത്. സഭയുടെ ആരംഭകാലംമുതൽ തന്നെ സഭാംഗങ്ങൾ പരി. മറിയത്തോടുള്ള സ്നേഹാദരവുകൾ അനുസ്യൂതം പ്രകടിപ്പിച്ചുകൊണ്ടുമിരിക്കുന്നു അപ്പസ്തോലന്മാർ നടത്തിക്കൊണ്ടിരുന്ന മതപ്രസംഗങ്ങളിലെല്ലാം പരി. മാതാവിനെക്കുറിച്ചും മാതാവിലൂടെ നമുക്കു സിദ്ധിക്കാവുന്ന അനുഗ്രഹങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരുന്നു. വി. തോമാശ്ലീഹായ്ക്കു പരി. മറിയത്തോടുണ്ടായിരുന്ന അനിതരസാധാരണമായ സ്നേഹബഹുമാനങ്ങൾ അവിടുത്തെ അനുയായികളായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും പകർന്നുതന്നിരുന്നു. തന്നിമിത്തം ഈ നാട്ടുകാരും മാതാവിനോടു അതിരറ്റ ഭക്തിയുള്ളവരായിത്തീർന്നു. വി. തോമാശ്ലീഹായുടെ മൈലാപ്പൂരിലെ കുഴിമാടം തുറന്നപ്പോൾ മാതാവിന്റെ ചിത്രം ഉല്ലേഖനം ചെയ്യപ്പെട്ട ഒരു ചെറിയ പലകയുണ്ടായിരുന്നതു ശ്ലീഹായ്ക്കു പരി. മറിയത്തോടുണ്ടായിരുന്ന അതിരറ്റ സ്നേഹത്തിന്റെ ഉത്തമമായ തെളിവായി സങ്കല്പിക്കുന്നതിൽ തെറ്റില്ലല്ലോ. പരി. മറിയത്തിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇത്രയധികം ദൈവാലയങ്ങളും മരിയനാമധാരികളായ ഇത്രയധികം വനിതാരത്നങ്ങളും ഭൂമുഖത്തു മറ്റൊരു രാജ്യത്തുമില്ലെന്നുള്ളതും കേരളീയർക്കു മറിയത്തോടുള്ള അന്യാദൃശമായ ഭക്തിക്കു മതിയായ തെളിവുകളാണല്ലോ. പരി. കന്യകാമറിയത്തോടുള്ള അതിരറ്റ സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്നതിനു പര്യാപ്തമാംവിധം ഒരു ചിത്രമെഴുത്തുകാരൻ കൂടിയായ വി. ലൂക്കാ ശ്ലീഹായാൽ വരയ്ക്കപ്പെട്ടതും ഇപ്പോൾ റോമിലെ സാംഗ്തമരിയതെജോറെ ചാപ്പലിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതുമായ പരി. മറിയത്തിന്റെ ഛായാപടം വരച്ചുകൊടുക്കുന്നതിനായി ഒരു പോർച്ചുഗീസ് ചിത്രമെഴുത്തുകാരനു ഓർഡർ കൊടുത്ത് ഏഴു പള്ളിക്കാർ വരുത്തി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതിൽ ഒന്നാണു സ്ഥലം പള്ളി അൾത്താരയുടെ മുകൾഭാഗത്തു മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന മാതാവിന്റെ അത്ഭുതചിത്രം. അതിനെ സംബന്ധിച്ച് ഒരു ചരിത്രമുള്ളതു താഴെ ചേർത്തുകൊള്ളുന്നു. പ്രസ്തുത ചിത്രമെഴുത്തുകാരൻ

ഒരേ വലിപ്പത്തിൽ ഏഴു പലകകൾ എടുത്ത് ഓരോന്നിലും ചിത്രമെഴുത്തു തുടങ്ങി. എന്നാൽ ആറു പലകകളിലും ചിത്രങ്ങൾ വരച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ഇങ്ങോട്ടു പോരുന്നതിനുള്ള കപ്പൽ പുറപ്പെടാറാകയാൽ എല്ലാംകൂടി അടുക്കിക്കെട്ടി കപ്പലിൽവച്ച് ഇങ്ങോട്ടു പോന്നു. ഏഴാമത്തേതു കപ്പലിൽവച്ചു വരയ്ക്കാമെന്ന ഉദ്ദേശ്യത്തോടുകൂടി പലകകളുടെ കെട്ടഴിച്ചുനോക്കിയപ്പോൾ അത്ഭുതകരമായി. ഏഴാമത്തേതിലും രൂപം പതിഞ്ഞിട്ടുള്ളതായി കാണുകയുണ്ടായി. ആ ഏഴാമത്തെ രൂപമാണ് അത്ഭുത ചിത്രമെന്നു പറയപ്പെടുന്നത്. ആ അത്ഭുതചിത്രംതന്നെയാണു സ്ഥലം പള്ളിയിലുള്ളതെന്നാണു വിശ്വാസം. ആ ചിത്രത്തിലൂടെ പലർക്കും പല അത്ഭുതസിദ്ധികൾ ലഭിച്ചിട്ടുള്ളതായി പറയപ്പെടുന്നു.

പള്ളിപ്പുറം പള്ളിയും പരി. കന്യകാമറിയത്തിന്റെ നാമത്തിലാണല്ലോ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ പള്ളിയിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ ആഗസ്റ്റ് 15-ാം തീയതി നടത്തപ്പെടുന്ന പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളാണ്. തിരുനാളിന്റെ ആ അവസരത്തിൽ, പള്ളിപ്പരിസരം ഒരു മനുഷ്യമഹാസമുദ്രമായി രൂപം പ്രാപിക്കുകയാണു പതിവ്. അവരിൽ നല്ലൊരു ശതമാനം ആളുകളും അകത്തോലിക്കരും നല്ലൊരു ശതമാനം ഹൈന്ദവരുമാണ്. മുൻകാലങ്ങളിൽ പരി. കന്യകയിൽ നിന്നും പല അത്ഭുതസിദ്ധികളുമുണ്ടായിട്ടുണ്ടെങ്കിലും കാലാന്തരത്തിൽ അവ കുറഞ്ഞുപോകുകയാണുണ്ടായിട്ടുള്ളതെന്നാണ് ഐതീഹ്യം.

## കച്ചവടകേന്ദ്രം

ക്രിസ്തുവിന്റെ കാലത്തിനുമുമ്പുതന്നെ കേരളം ഒരു പ്രശസ്ത രാജ്യവും, കൊടുങ്ങല്ലൂർ ഭൂമുഖത്തെ ഒരു പ്രധാന തുറമുഖവുമായിരുന്നു. റോം, ഗ്രീസ്, പേർഷ്യ, മെസപ്പൊട്ടേമിയ, വെനീസ് ആദിയായ അന്നത്തെ അറിയപ്പെട്ടിരുന്ന എല്ലാ രാജ്യങ്ങളും തമ്മിൽ കച്ചവടം നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ക്രിസ്തുവിനുശേഷം, പേർഷ്യ, ഈജിപ്ത്, വെനീസ് എന്നീ രാജ്യങ്ങളിൽ നിന്നും വന്നിരുന്ന കച്ചവടക്കാരിൽ ഭൂരിപക്ഷം പേരും ക്രിസ്ത്യാനികളായിരുന്നു. അവർ വന്നപ്പോൾ ഇവിടെയും ക്രിസ്ത്യാനികളുണ്ടെന്നറിഞ്ഞപ്പോൾ അവർക്കുണ്ടായ സന്തോഷം വർണ്ണനാതീതമായിരുന്നു. വിദേശത്തുനിന്നു വന്നവരും, ഇന്നാട്ടുകാരുമായ ക്രൈസ്തവരും തമ്മിൽ മൈത്രീബന്ധത്തിലായിത്തീർന്നു പാശ്ചാത്യരായ ക്രൈസ്തവ വ്യാപാരികളുടെ പ്രേരണയുടെയും ഒത്താശയുടെയും ഫലമായി ഇവിടത്തെ ക്രിസ്ത്യാനികളിൽ നല്ലൊരു വിഭാഗം ആളുകളും വ്യാപാരികളായിത്തീർന്നു. കാലാന്തരത്തിൽ കേരളത്തിലന്നുണ്ടായിരുന്ന ക്രൈസ്തവ



കേന്ദ്രങ്ങളെല്ലാം കച്ചവടകേന്ദ്രങ്ങളായി രൂപാന്തരപ്പെട്ടു. അതോടുകൂടി അന്യനാടുകളിൽനിന്നും വന്ന കച്ചവടക്കാരിൽ ചിലർ ഇവിടെ താമസിച്ചു കച്ചവടം നടത്തുന്നതിനു പ്രേരണ നല്കുന്നതിനും കാരണമായിത്തീർന്നു. ആ കാലഘട്ടത്തിൽ പള്ളിപ്പുറവും ഒരു വലിയ കച്ചവടകേന്ദ്രമായിത്തീർന്നു. അത് അയൽപ്രദേശത്തു താമസിച്ചിരുന്ന ക്രൈസ്തവരിൽ പലരും ഇവിടെ വന്നു താമസിച്ചു കച്ചവടം നടത്തുന്നതിനു പ്രേരണ നല്കി. പള്ളി മുതൽ പള്ളിക്കടവുവരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും ക്രിസ്ത്യാനികൾ തിങ്ങിത്താമസിച്ചു കച്ചവടം നടത്തിയിരുന്നു. വിദേശങ്ങളിൽനിന്നും വന്നിരുന്ന കപ്പലുകൾ കൊടുങ്ങല്ലൂരുനിന്നും ഇവിടെവന്ന് ഇറക്കുമതിയും കയറ്റുമതിയും നടത്തിയിരുന്നു. കിഴക്കൻ പ്രദേശങ്ങളിൽനിന്നു മലഞ്ചരക്കുകൾ ഇവിടെ കൊണ്ടുവന്നാണു കയറ്റി അയച്ചിരുന്നത്. വിപുലമായ രീതിയിൽ ഇവിടെ കച്ചവടം നടത്തിയിരുന്നതു നിമിത്തം ഈ അടുത്ത കാലംവരെ ഈ പ്രദേശത്തെ അങ്ങാടി ഭാഗം എന്നാണു വിളിച്ചിരുന്നത്. എന്നാൽ കച്ചവടമാർഗങ്ങളും കേന്ദ്രങ്ങളും മഹമ്മദീയരുടെ ആധിപത്യത്തിൻ കീഴിലായതോടുകൂടി ക്രൈസ്തവവ്യാപാരികൾക്ക് ഇങ്ങോട്ടു വരാൻ നിവൃത്തിയില്ലാതായിത്തീർന്നു. അതുകൊണ്ടു ക്രൈസ്തവകേന്ദ്രങ്ങളിലെ വ്യാപാരം താനെ നിലച്ചുപോകയാൽ ഇവിടെനിന്നും ക്രൈസ്തവർ അവരുടെ താമസം മറ്റു നാടുകളിലേക്കു മാറ്റുവാൻ നിർബന്ധിതരായിത്തീർന്നു. അപ്രകാരം അന്യനാടുകളിലേക്കു പോയവരുടെ പിൻഗാമികളാണു സ്ഥലം പള്ളിയിൽ വല്ലപ്പോഴും വരാറുണ്ടെന്നും നേർച്ചകാഴ്ചകൾ നല്കാറുണ്ടെന്നും മുമ്പു സൂചിപ്പിച്ചത്. കൂടാതെ ആര്യവംശത്തിൽപ്പെട്ടവരായ വൈശ്യവിഭാഗക്കാരും കച്ചവടം കുലത്തൊഴിലാക്കിയിരുന്നവരുമായ ചെട്ടിയാരന്മാരിൽ (റെഡ്യാരന്മാരിൽ) കച്ചവടത്തിനായിട്ട് ഇവിടെവന്നു താമസിച്ചിരുന്നവരിൽ മാളേക്കൽ ചെട്ടിയാരാണു മുൻ സൂചിപ്പിച്ചവിധം പള്ളിയിരിക്കുന്ന പുരയിടം സംഭാവനയായി നല്കിയത്. ക്രൈസ്തവരുടെ പ്രീതി സമ്പാദിച്ചു കച്ചവടം അഭിവൃദ്ധിപ്പെടുത്തണമെന്ന ഉദ്ദേശ്യമാണ് അപ്രകാരം സ്ഥലം സംഭാവന ചെയ്യുവാൻ പ്രേരിപ്പിച്ച കാരണമെന്നുമാണ് ഐതീഹ്യം.

## പള്ളിപ്പുറം സെമിനാരിയും സി.എം.ഐ. സഭയും

കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്ക് ഒരു പൊതുവായ സെമിനാരി സ്ഥാപിക്കപ്പെട്ടതുവരെ വ. കുത്തിയതോട്, ആലങ്ങാട്, അങ്കമാലി, കടുത്തുരുത്തി ആദിയായ ദൈവാലയങ്ങളിലായിരുന്നു സെമിനാരികൾ. മാത്തുത്തരകന്റെ സഹോദരൻ അബ്രാഹം മല്പാനായിരുന്നു. വ. കുത്തിയ

തോട്ടിലെ മല്പാൻ അഥവാ വൈദികവിദ്യാർത്ഥികളുടെ ഗുരു. അബ്രാഹം മല്പാൻ വ. കുത്തിയതൊട്ടിൽ സെമിനാരി നടത്തിക്കൊണ്ടിരുന്ന അവസരത്തിലായിരുന്നു മൈസൂർ രാജാവായിരുന്ന ടിപ്പുവിന്റെ ആക്രമണം നടന്നത്. തന്നിമിത്തം കുത്തിയതോട്ടിൽ താമസിക്കുന്നത് ആപത്കരമാണെന്നു ബോദ്ധ്യം വന്നതിനാൽ, സെമിനാരി വിദ്യാർത്ഥികളെയും കൂട്ടിക്കൊണ്ടു മല്പാൻ പള്ളിപ്പുറത്തേയ്ക്കു പോരുകയും സെമിനാരി തുടർന്ന് അവിടെ നടത്തിക്കൊണ്ടുപോരുകയും ചെയ്തു. ആ സന്ദർഭത്തിൽ സ്ഥലം പാലയ്ക്കൽ കുടുംബത്തിൽ തോമ്മയെന്നു പേരുള്ള ഒരു ബാലനുണ്ടായിരുന്നു. ആ ബാലനു സെമിനാരിയിൽ ചേരുന്നതിനു പ്രായമായപ്പോൾ സെമിനാരിയിൽ ചേർത്തു പഠിപ്പിച്ചു വൈദികനാക്കി. കാലാന്തരത്തിൽ പാലയ്ക്കലച്ചനെ അന്നത്തെ വരാപ്പുഴ മെത്രാൻ തന്റെ സെക്രട്ടറിയായി നിയമിച്ചു. എന്നാൽ പ്രായാധിക്യത്തിലെത്തിയ അബ്രാഹം മല്പാൻ മെത്രാനച്ചനെ കണ്ട് അനുവാദം വാങ്ങി തന്റെ മല്പാൻസ്ഥാനം പാലയ്ക്കൽ അച്ചനെ ഏല്പിച്ചിട്ടു കുത്തിയതോട്ടിലേക്കു പോയി. ബാക്കി ജീവിതകാലം അവിടെ ചെലവാക്കുകയും ചെയ്തു.

പാലയ്ക്കലച്ചൻ മല്പാൻസ്ഥാനം ഏറ്റെടുത്തതിനുശേഷം ഒരിക്കൽ കൈനകരിയിൽ കാളാശ്ശേരിൽ കെട്ടിച്ചിരുന്ന അദ്ദേഹത്തിന്റെ മാതൃസഹോദരിയെ കാണാൻ പോയിരുന്നു. ആ അവസരത്തിൽ യാദൃച്ഛികമായി ചാവറ കുടുംബത്തിലെ വെറും പത്തു വയസ്സുമാത്രം പ്രായമുള്ള കുര്യാക്കോസ് എന്ന ബാലനെ കണ്ടുമുട്ടുകയും ആ ബാലന്റെ സ്വഭാവഗുണം മല്പാനെ ആകർഷിക്കുകയും ഒരു വൈദികനായിത്തീരുന്നതിനുള്ള താത്പര്യം ആ ബാലൻ പ്രകടിപ്പിക്കുകയുമുണ്ടായി. ഈ വിവരം ആ ബാലന്റെ മാതാപിതാക്കന്മാരെ ഗ്രഹിപ്പിച്ചപ്പോൾ അവർ എതിർക്കുകയാണുണ്ടായത്. എന്നാൽ ദൈവനിശ്ചയമെന്നവണ്ണം മല്പാനച്ചന്റെ ഇളയമ്മയുടെയും മറ്റു ചിലരുടെയും ശക്തിയായ ശിപാർശയുടെ ഫലമായി മനസ്സില്ലാമനസ്സോടുകൂടിയാണെങ്കിലും സമ്മതം നല്കുകയും കുര്യാക്കോസിനെ പാലക്കൽ മല്പാന്റെ കൂട്ടത്തിൽ പള്ളിപ്പുറത്തേയ്ക്കു കൊണ്ടുപോന്നു സെമിനാരിയിൽ ചേർത്തു പഠിപ്പിക്കുകയും ചെയ്തു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ കുര്യാക്കോസിന് ആസ്തപ്പാട്ടുപട്ടം ലഭിച്ച് അധികകാലം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരും ഏകസഹോദരനും ഇഹലോകവാസം വെടിഞ്ഞതു പുരോഹിതനായിത്തീരുന്നതിന് ഒരു പ്രതിബന്ധമായിത്തീർന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരന്മാരും മററു ചില ഉറ്റബന്ധുക്കളും വന്നു വൈദികപഠനമുപേക്ഷിപ്പിച്ചുകൊണ്ടുപോയി കുടുംബജീവിതം നയിക്കുന്നതിന് ഉറ്റുപരിശ്രമിച്ചുവെങ്കിലും അദ്ദേഹം ആ സമ്മർദ്ദത്തിനൊന്നിനും വഴങ്ങിയില്ലായെന്നുള്ള



വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ. ചാവറ ശെമ്മാശ്ശന്റെ വിദ്യാഭ്യാസം പതിനാലു കൊല്ലങ്ങൾകൊണ്ടു പൂർത്തിയാക്കി ഒരു പുരോഹിതനായി ത്തീർന്നു. ആ കാലഘട്ടത്തിനിടയ്ക്കാണ് ഒരു ഏതദ്ദേശീയ സന്ന്യാസസഭ രൂപീകരിക്കപ്പെടുവാൻ സ്ഥലം പള്ളിയിൽവച്ചു തീരുമാനിച്ചത്. ഇവിടെ സന്ന്യാസസഭയുണ്ടായിരുന്നുവെങ്കിലും അതിൽ നാട്ടുകാരെ ചേർത്തിരുന്നില്ല. അക്കാരണത്താലാണു നാട്ടുകാരുടേതായ ഒരു സഭ സ്ഥാപിക്കുവാൻ ആലോചിക്കേണ്ടിവന്നത്. ആ ആശയം ആദ്യം ഉദയം ചെയ്തത്, പാലയ്ക്കലച്ചനുശേഷം മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനം വഹിച്ചിരുന്ന പോരൂക്കര തോമ്മാച്ചനിലാണ്. ആ വിവരം അദ്ദേഹത്തിന്റെ സുഹൃത്തും മെത്രാൻ തിരുമനസ്സിന്റെ അടുക്കൽ നല്ല സ്വാധീനവുമുണ്ടായിരുന്ന പാലയ്ക്കൽ മല്പാനച്ചനെ ഗ്രഹിപ്പിക്കുകയും അവർ രണ്ടുപേരുംകൂടി അദ്ദേഹത്തിന്റെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. ആ കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിനായി പോരൂക്കര തോമ്മാച്ചൻ പലപ്പോഴും ഇവിടെ വരാറുണ്ടായിരുന്നു. അവരുടെ രണ്ടുപേരുടെയും ആലോചനയിൽ അന്നിവിടെ പഠിച്ചിരുന്ന ചാവറയച്ചനെക്കൂടി ചേർത്തിരുന്നു. ആ ത്രിമൂർത്തികളുടെ ആലോചനകൾ ഇവിടെവച്ചു നടത്തിയതിന്റെ ഫലമായി സഭ സ്ഥാപിക്കുവാനിടയായതിനാൽ സി.എം.ഐ. സഭയുടെ പിള്ളത്തൊട്ടിയായി പള്ളിപ്പുറത്തെ പരിഗണിക്കാവുന്നതാണ്.

അതിനായിട്ടൊരാശ്രമം പണിയുന്നതിന് അനുയോജ്യമായി മാന്നാനമായാൽ മതിയെന്നു അവർ തീരുമാനിക്കുകയും മൗറേലിയൂസ് സുബലീനീ മെത്രാനച്ചന്റെയും ചാവറയച്ചന്റെയും സാന്നിദ്ധ്യത്തിൽ പോരൂക്കര തോമാച്ചൻ ശിലാസ്ഥാപനകൃത്യം നിർവ്വഹിക്കുകയും ചെയ്തു. എങ്കിലും രണ്ടു തോമ്മാച്ചന്മാരും കാലഗതി പ്രാപിച്ചതിനുശേഷം ചാവറയച്ചനാണ് സഭ ഔപചാരികമായി സ്ഥാപിച്ചതും എന്നുള്ള വിവരം പ്രത്യേകം പ്രസ്താവ്യമത്രെ. ചാവറയച്ചൻ രണ്ടോ നാലോ വർഷം സ്ഥലം പള്ളിയുടെ വികാരിയായിരുന്നു. അതിനുശേഷം അന്നത്തെ വരാപ്പുഴ മെത്രാനച്ചന്റെ നിർബ്ബന്ധത്താൽ കുറച്ചുകാലം മിസ്സത്തിലെ സുറിയാനി വിഭാഗത്തിന്റെ വികാരി ജനറാളായി ഭരണം നടത്തിയിട്ടുമുണ്ട്. ആ കാലഘട്ടത്തിലായിരുന്നു റോക്കോസ് എന്ന അനധികൃതമെത്രാൻ റോക്കോസ് ശീശ്മ സ്ഥാപിക്കുവാൻ ആഗതനായത്.

## റോക്കോസ് ശീശ്മക്കെതിരെ നടത്തപ്പെട്ട പള്ളിപ്പുറം മഹായോഗം

ഉദയമ്പേരൂർ സുനഹദോസുവരെ മാർത്തോമ്മ ക്രിസ്ത്യാനികളെ

ഭരിച്ചു കൊണ്ടിരുന്നത് പാശ്ചാത്യ ഏഷ്യയിൽ നിന്നും പാത്രിയർക്കീസന്മാർ അയച്ചുകൊണ്ടിരുന്ന മെത്രാന്മാരായിരുന്നു. സൂനഹദോസിനു ശേഷം അവിടെ നിന്നും വരാതിരുന്നതിനാൽ വെറുപ്പോടുകൂടിയായിരുന്നുവെങ്കിലും ലത്തീൻ ഭരണത്തിൻകീഴിൽ കഴിയേണ്ട ഒരു ഗതികേടാണ് സുറിയാനിക്കാർക്കുണ്ടായത്. ആ സ്ഥിതിക്കു മാറ്റം വരുത്തി വീണ്ടും സുറിയാനി മെത്രാന്മാരെ ലഭിക്കുന്നതിനുള്ള പോംവഴികളെ സംബന്ധിച്ച് ആലോചിക്കുന്നതിനായി ഏറ്റുമാനൂർ മീനച്ചിൽ ആദിയായ താലൂക്കുകളിലെ പള്ളി പ്രതിനിധികളുടെ ഒരു യോഗം കുറവിലങ്ങാടുവച്ചു കൂടി ആ കാര്യം സാധിക്കുന്നതിനായി ആ യോഗത്തിൽ നിന്നും വേണ്ടത്ര പ്രതിനിധികളെ തെരഞ്ഞെടുത്തു. അതിന്റെ നേതാവായി കുടക്കച്ചിറ അന്തോനിയച്ചനെ എടുക്കുകയും ചെയ്തു.

ഒരു ഭീമഹർജി തയ്യാറാക്കിക്കൊണ്ടുപോയി ബാഗ്ദാദിലെ പാത്രിയർക്കീസിനു സമർപ്പിച്ചു. എന്നാൽ മെത്രാന്മാരെ തെരഞ്ഞെടുത്തയക്കുന്നതിനു ലഭിച്ചിരുന്ന അധികാരം മാർപ്പാപ്പ പിൻവലിച്ചിരുന്നതിനാൽ, പാത്രിയർക്കീസ് തിരുമേനി ഒരു വിഷമവൃത്തത്തിലായിത്തീർന്നു. പ്രതിനിധി സംഘം മൂന്നുവർഷം അവിടെ താമസിച്ചുകൊണ്ട് നിരന്തരം പാത്രിയർക്കീസിനെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, കുടക്കച്ചിറയച്ചനും പ്രതിനിധികളിൽ ചിലരും അവിടെവച്ചു ചരമം പ്രാപിച്ചു. തദനന്തരം തൊണ്ടനാട്ടു അന്തോനിയച്ചനെ അവശേഷിച്ച പ്രതിനിധികളുടെ നേതാവായി തെരഞ്ഞെടുത്തു. ആ പ്രതിനിധികളുടെ ശല്യം വർദ്ധിക്കുകയാൽ പാത്രിയർക്കീസ് തിരുമേനി തോമ്മറോക്കോസ് എന്നു പേരുണ്ടായിരുന്ന ഒരു വൈദീകനെ മെത്രാനായി വാഴിച്ചു കേരള പ്രതിനിധി സംഘത്തിനു ഏല്പിച്ചുകൊടുത്തു. റോക്കോസ് ഇവിടെവരുമ്പോൾ സമുചിതമായ ഒരു സ്വീകരണം നല്കുന്നതിനായി അവിടെയുണ്ടായിരുന്ന പ്രതിനിധികളിൽ കുറെപ്പേർ ഉടനെ ഇങ്ങോട്ടുപോന്നു.

എന്നാൽ മെത്രാന്മാരെ വാഴിക്കുന്നതിനു പാത്രിയർക്കീസിനു മാർപ്പാപ്പ നലികിയിരുന്ന അധികാരം പിൻവലിച്ചതിനാൽ പ്രസ്തുത നിയമനം അനധികൃതമാകുകയാൽ ഇവിടെ സ്വീകരിക്കുന്നതു നിയമലംഘനമാണെന്നു കാണിച്ചു മെസപ്പൊട്ടേമിയായിലെ ദലഗാദ് അപ്പസ്തോലിക്ക വരാപ്പുഴ മെത്രാനെ അറിയിക്കുകയാൽ വീണ്ടും പ്രശ്നം ഗുരുതരമായിത്തീർന്നു. ഈ വിവരം വരാപ്പുഴ മെത്രാനച്ചനും അന്നത്തെ സുറിയാനിക്കാരുടെ വികാരി ജനറാളായിരുന്ന ചാവറയച്ചനും എല്ലാ സുറിയാനിപ്പള്ളികളിലേയ്ക്കും അറിയിപ്പു കൊടുത്തു. എങ്കിൽതന്നെയും ആ അറിയിപ്പുകൾക്കു യാതൊരു വിലക്കും കല്പിക്കാതെ റോക്കോസ് കൊച്ചിയിലെത്തിയപ്പോൾ



പലരും കൂടി അദ്ദേഹത്തെ ഗംഭീരമായി സ്വീകരിച്ച് തൈയ്ക്കാട്ടുശേരി പള്ളിയിൽ കൊണ്ടുവന്ന് താമസിപ്പിക്കുകയും ചെയ്തു. അധികതാമസം വിനാ സുറിയാനിപ്പള്ളി പ്രതിനിധികളുടെ ഒരു യോഗം തൈയ്ക്കാട്ടുശേരി പള്ളിയിൽ വച്ചു നടത്തപ്പെടുകയും റോക്കോസിന്റെ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യപ്പെടുകയും ചെയ്തു.

ഈ വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ ചാവറയച്ചനും സഹവൈദീകരും ഉല്ക്കണ്ഠാകുലരായിത്തീർന്നു. കാരണം സുറിയാനി ക്രിസ്ത്യാനികൾക്കു റോക്കോസ് ശീശ്മയിലേക്കു വഴുതിവീണുപോകുമെന്ന ചിന്തയായിരുന്നു. ഉടനെ ആ വിപത്തിൽ നിന്നും സുറിയാനിക്കാരെ രക്ഷിക്കുന്നതിനു അവരാൽ ആവുന്നത് ഉടനെ ചെയ്യുവാൻ തീരുമാനിച്ചു. അതിന്റെ ഫലമായി എല്ലാ പള്ളിക്കാരുടെയും പ്രതിനിധികൾ പള്ളിപ്പുറത്ത് പള്ളിയിൽ കൂടുവാൻ ചാവറയച്ചൻ കൊടുത്ത അറിയിപ്പനുസരിച്ച് യോഗം കൂടുകയും വേണ്ടതുചെയ്യുവാനുള്ള അധികാരത്തോടുകൂടി ചാവറയച്ചന്റെ നേതൃത്വത്തിൽ ഒരു പ്രതിനിധിസംഘത്തെ തെരഞ്ഞെടുക്കുകയും ചെയ്തു.

തദനുസരണം ആ പ്രതിനിധികൾ തൈക്കാട്ടുശേരിയിൽ ചെന്നു അയ്യനാട്ടു തരകന്റെ വീട്ടിലിരുന്നുകൊണ്ട് ചാവറയച്ചൻ റോക്കോസിനു ഒരെഴുത്തെഴുതി റോക്കോസിനു കൊടുത്തയച്ചു. അതിൽ അവർക്കു അദ്ദേഹത്തെ അത്യാവശ്യമായി കണ്ടു സംസാരിക്കുവാനാഗ്രഹിക്കുന്നുവെന്നും അതിനായി പള്ളിയിലേയ്ക്കു എപ്പോൾ ചെല്ലണമെന്നറിയിക്കണമെന്നും അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ വളരെയധികസമയം കാത്തിരുന്നിട്ടും മറുപടി ലഭിക്കായ്കയാൽ അവർ അനുവാദത്തിനുവേണ്ടി കാത്തുനില്ക്കാതെ നേരെ പള്ളിയിലേക്കു ചെന്നു.

അവിടെ ചെന്നപ്പോൾ അവരെകാത്തു പോലീസ് ഇൻസ്പെക്ടറും പാർട്ടിയും നില്ക്കുന്നതായി മനസ്സിലായി. ഈ സംഭവവികാസങ്ങൾക്കിടക്കു പള്ളിപ്പുറം സമ്മേളന പ്രതിനിധികൾക്കു റോക്കോസു മെത്രാനെ കാണുവാൻ സൗകര്യം കൊടുക്കരുതെന്ന ദുരുദ്ദേശത്തോടുകൂടി തൊണ്ടനാട്ടച്ചനും മറ്റും റോക്കോസിന്റെ സാധനങ്ങൾ മോഷ്ടിക്കാൻ വന്നവരാണ് ചാവറയച്ചനും കൂട്ടുകാരുമെന്ന് കുപ്രചരണം നടത്തിയതിന്റെ ഫലമായിട്ടാണ് പോലീസ് വന്നത്.

ചാവറയച്ചനും കൂട്ടരും പള്ളിയിൽ ചെന്നപ്പോൾ അവരുടെ ആഗമനോദ്ദേശമെന്താണെന്നു പോലീസ് ഇൻസ്പെക്ടറുടെ ചോദ്യത്തിനു റോക്കോസിനെ കണ്ട് അദ്ദേഹത്തിന്റെ മെത്രാനായിട്ടു നിയമനം മാർപ്പാപ്പ

യാൽ നടത്തപ്പെട്ടതോ അല്ലെങ്കിൽ മാർപ്പാപ്പയുടെ അംഗീകാരമുള്ളതോ ആയ തെളിവുകളുണ്ടെങ്കിൽ അതുകണ്ടു ബോദ്ധ്യപ്പെടുവാനാണെന്നു ചാവറയച്ചൻ സമാധാനം പറഞ്ഞു. ഈ വിവരം മനസ്സിലായപ്പോൾ പോലീസ് ഇൻസ്പെക്ടർ റോക്കോസിനെ കാണുവാൻ സമ്മതിക്കുകയും അവരുടെ ആഗമനോദ്ദേശം മനസ്സിലാക്കുകയും ചെയ്തു. എന്നാൽ റോക്കോസിനെ പ. സിംഹാസനത്തിൽ നിന്നും നിയമിച്ചതായോ പാത്രിയാർക്കീസിന്റെ നിയമനത്തെ അംഗീകരിച്ചതായോ രേഖയൊന്നുമില്ലെന്നു പറയുകയാൽ ചാവറയച്ചനും കൂട്ടരും പള്ളിപ്പുറത്തേയ്ക്കു മടങ്ങിപ്പോന്നു.

തദനന്തരം ചാവറയച്ചൻ ഈ വിവരങ്ങളെല്ലാം കാണിച്ചുകൊണ്ടു മാർപ്പാപ്പാ തിരുമനസ്സിലേയ്ക്കു ഒരു പരാതിയയച്ചു. ആ പരാതിയിൽ റോക്കോസിന്റെ ആഗമനത്തോടുകൂടി മാർത്തോമ്മാ ക്രിസ്ത്യാനികൾ വീണ്ടും രണ്ടുചേരികളായി തിരിഞ്ഞിരിക്കുകയാണെന്നും റോക്കോസ് ശീശ്മ ഇവിടെ ശക്തി പ്രാപിക്കുവാൻ സാദ്ധ്യതയുണ്ടെന്നും മറ്റും കാണിച്ചിരുന്നു. ഉടൻതന്നെ റോക്കോസിനെ തിര്യേ വിളിച്ചു കൊള്ളണമെന്നു റോമിൽ നിന്നും പാത്രിയർക്കീസിനു ആജ്ഞ നല്കുകയും തദനുസരണം റോക്കോസിനെ തിര്യേ വിളിക്കുകയും ആ പ്രശ്നം അതോടുകൂടി അവസാനിക്കുകയും ചെയ്തു.

## പള്ളിപ്പുറം പള്ളിയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള റഫായേൽ ഫിഗറേദോ സൽഗാദോ മെത്രാൻ

ലത്തീൻ ഭരണത്തോടുള്ള എതിർപ്പിന്റെ ഫലമായി കൂനൻ കുരിശു സത്യത്തോടുകൂടി മാർത്തോമ്മ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം പുത്തൻകൂർ ശീശ്മയിൽ ചേർന്നു. അവരെ പുനരൈക്യപ്പെടുത്തുന്നതിനു ആവശ്യം വേണ്ടതു ചെയ്യുവാനുള്ള അധികാരത്തോടുകൂടി പ. സിംഹാസനത്തിൽ നിന്നും സെബസ്റ്റ്യാനി (Sebastiany) മെത്രാനെ കേരളത്തിലേക്കയച്ചു. ഒരു സുറിയാനി മെത്രാനെ വാഴിച്ചു സുറിയാനിക്കാരുടെ ഭരണം ഏൽപ്പിക്കുകയാണ് ഏക പ്രതിവിധിയെന്നു ബോദ്ധ്യം വന്നതിനാൽ പുനരൈക്യപ്പെട്ട കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടിയെന്ന വൈദീകനെ മെത്രാനായി നിയമിച്ചു. അദ്ദേഹമായിരുന്നു കേരളത്തിലെ പ്രഥമ സുറിയാനി മെത്രാൻ അദ്ദേഹത്തിന്റെ ഭരണം വിജയപ്രദമായിത്തീർന്നു കൊണ്ടിരിക്കുകയായിരുന്നു.

എന്നാൽ പ്രായാധിക്യമായപ്പോൾ അദ്ദേഹത്തിനു ഒരു സഹായമെത്രാനെ നിയമിക്കണമെന്നു പ. സിംഹാസനത്തോടപേക്ഷിച്ചു. അതിന്റെ



ഫലമായി ആ സ്ഥാനം ഏല്പിക്കുന്നതിനു പറ്റിയ ഒരു വൈദീകനെ തെരഞ്ഞെടുത്തു റിപ്പോർട്ടു ചെയ്യുന്നതിനായി നാലു കർമ്മലീത്ത വൈദീകരെ ഇങ്ങോട്ടയച്ചു. അവരുടെ ആഗമനോദ്ദേശം മനസ്സിലാക്കിയ ചാണ്ടി മെത്രാൻ സഹായമെത്രാനാക്കുന്നതിനു അർഹരായ പുരോഗിതന്മാരുടെ ഒരു ലിസ്റ്റു അവരുടെ പക്കൽ കൊടുത്തിട്ട് അവരിൽ നിന്നും ആരെയെങ്കിലും തെരഞ്ഞെടുത്തു റിപ്പോർട്ടു ചെയ്യണമെന്നഭ്യർത്ഥിച്ചു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ആ ലിസ്റ്റിൽ നിന്നും ആരെയും തെരഞ്ഞെടുക്കാതെ കൊച്ചിമിസത്തിന്റെ വികാരി ജനറാളും ഒരു പോർട്ടുഗീസ് വംശക്കാരനുമായിരുന്ന റഫായേൽ ഫിഗറേദോ സൽഗാദോ എന്ന വൈദീകനെയാണ് തെരഞ്ഞെടുത്തത്. അത് ചാണ്ടി മെത്രാനു വലിയ വലിയ അസ്വസ്ഥതയുളവാക്കിത്തീർത്തു. മാത്രവുമല്ല സുറിയാനിക്കത്തോലിക്കർക്കു പൊതുവേയും പുനരൈക്യപ്പെടണമെന്നാശിച്ചിരുന്നവർക്ക് പ്രത്യേകിച്ചും ഇച്ഛാഭംഗത്തിനും വെറുപ്പിനും ഹേതുവാക്കിത്തീർത്തു.

ചാണ്ടിമെത്രാൻ തന്റെ സഹായമെത്രാനെ വാഴിച്ചില്ലെന്നു മാത്രമല്ല വാഴ്ചച്ചടങ്ങുകളിൽ സഹകരിക്കുക പോലുമുണ്ടായില്ല. വാഴിച്ചത് അന്നത്തെ കൊച്ചിമെത്രാനായിരുന്ന ഡോൺ തോമസ് ഡിക്കോസ്റ്റ (Don Thoms Dicosta) യായിരുന്നു. വാഴിക്കപ്പെട്ട നാൾമുതൽ സഹായമെത്രാൻ വലിയ മെത്രാനെ ധിക്കരിക്കാനും തുടങ്ങി. മെത്രാൻ സ്ഥാനം മുഴുവൻ തനിക്കാണെന്നും വലിയ മെത്രാനു യാതൊരധികാരവുമില്ലെന്നും പ്രഖ്യാപനം നടത്തുകയും ചാണ്ടിമെത്രാനയച്ച കല്പനകളെല്ലാം റദ്ദു ചെയ്യുകയും ചെയ്തു.

വാഴിച്ച ഉടനെ മാർപ്പാപ്പയുടെ അംഗീകാരപത്രം ലഭിക്കായ്കയാൽ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു നടത്തിയവർ കർമ്മലീത്ത സഭയിൽപ്പെട്ടവരായിരുന്നുവെന്ന കാരണത്താൽ സ്ഥലത്തുണ്ടായിരുന്ന കർമ്മലീത്താ സഭാംഗങ്ങളോട് ഒരു പ്രതികാരബുദ്ധിയോടെയാണ് പെരുമാറിയിരുന്നത്. ലഭിച്ച സന്ദർഭങ്ങളിലെല്ലാം അവരെ പലവിധത്തിൽ കുറ്റപ്പെടുത്തിയിരുന്നു. മാത്രവുമല്ല അവരെ തേജോവധം ചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. അതിനുംപുറമേ കർമ്മലീത്താക്കാരോട് യാതൊരു സമ്പർക്കവും പുലർത്തരുതെന്നും അവരുടെ സഹായം യാതൊന്നും ആവശ്യപ്പെടരുതെന്നും കാണിച്ച് എല്ലാ പള്ളികളിലേക്കും സർക്കുലർ അയക്കുകയും ചെയ്തു.

സഹായമെത്രാൻ ക്രമരഹിതമായ ഒരു ജീവിതരീതിയാണ് അവലംബിച്ചു കൊണ്ടിരുന്നത് എന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടു

ണ്ട്. ഭരണീയരുമായിട്ടുള്ള പരസ്പര സഹകരണക്കുറവു നിമിത്തം അദ്ദേഹത്തിനു പണത്തിനു വലിയ ബുദ്ധിമുട്ടുണ്ടാകുകയാൽ സ്ഥാനമോതിരവും അധികാരവടിയും പണയപ്പെടുത്തിയതിനു പുറമേ വലിയ മെത്രാന്റെ വികാരി ജനറാളിനെ മഹറോൻ ചൊല്ലുക എന്നിത്യാദി ഒരു മെത്രാനു അനുയോജ്യമല്ലാത്ത പല നടപടികളും അവലംബിച്ചിരുന്നു. ഒരു നാട്ടുകാരനല്ലാതിരുന്നതിനാലുണ്ടായിരുന്ന വെറുപ്പ് പ്രസ്തുത നടപടികളോടുകൂടി പൂർവ്വാധികം വർദ്ധിച്ചു.

മറ്റു പ്രതിവിധിയൊന്നുമില്ലാതിരുന്നതിനാൽ ജനങ്ങൾ സംഘടിച്ചു ഒരു ഭീമഹർജി തയ്യാറാക്കി പ. സിംഹാസനത്തിലേക്കയച്ചു. ആ പരാതിയെ സംബന്ധിച്ച് വേണ്ട തെളിവുകളെടുത്തു കൊണ്ട് ചെല്ലുന്നതിനായി പ. സിംഹാസനത്തിൽനിന്നും ഒരു കമ്മീഷനെ ഇങ്ങോട്ടയച്ചു. കമ്മീഷന്റെ അന്വേഷണത്തിൽ ആ പരാതിയിൽ കാണിച്ചിരുക്കുന്ന ആരോപണങ്ങൾ ഓരോന്നും അക്ഷരംപ്രതി ശരിയാണെന്നു റിപ്പോർട്ടു കൊടുത്തു. അതിന്റെ ഫലമായി കൊച്ചുമെത്രാൻ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതോടുകൂടി ആദ്ദേഹത്തിനു നില്ക്കക്കള്ളിയില്ലാതായി. ശേഷിച്ച ജീവിതകാലം സ്വൈര്യമായി കഴിച്ചു കൂട്ടുന്നതിനു ഒരു സ്ഥാനം കണ്ടുപിടിക്കുന്നതിനായി അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തു. പല സ്ഥലങ്ങളിലും അദ്ദേഹം പോയിയെങ്കിലും ഒരു സ്ഥലത്തും കവാടം തുറന്നുകൊടുക്കപ്പെട്ടില്ല. അവസാനം പള്ളിപ്പുറത്തു വന്ന് വളരെയേറെ സാഹസപ്പെട്ടതിന്റെ ഫലമായി അന്നത്തെ പൂർവ്വികന്മാർ ഇവിടെ താമസിച്ചുകൊള്ളുന്നതിനു അദ്ദേഹത്തിനു അനുമതി കൊടുക്കുകയും ചെയ്തു.

നാലു വർഷത്തോളംകാലം അദ്ദേഹം ആരാലും അറിയപ്പെടാത്തവിധം ഇവിടെ മൗനമായ ഒരു ജീവിതം നയിച്ചതിനുശേഷം 1695 ഒക്ടോബർ മാസം 12-നു കാലം ചെയ്യുകയും ഇവിടെ മദ്ബഹായ്ക്കകത്തു അടക്കം ചെയ്യപ്പെടുകയും ചെയ്തു.

അദ്ദേഹത്തിന്റേതാണ് പെസഹാ വ്യാഴാഴ്ച മാത്രം ഉപയോഗിക്കപ്പെടുന്ന വലിയകാസയും, തിരുശേഷിപ്പുകൾ അടക്കം ചെയ്യപ്പെട്ടിട്ടുള്ളതും, ദു:ഖവെള്ളിയാഴ്ച ദിവസവും ഉയിർപ്പുദിവസവും മാത്രം ഉപയോഗിക്കാറുള്ളതുമായ പസ്കിയും എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.



പള്ളിക്കടവ് കുരിശുപള്ളി

വിശുദ്ധ തോമാശ്ലീഹായാൽ നിർമ്മിക്കപ്പെട്ടതും പള്ളിപ്പുറം പള്ളിയിൽ
സൂക്ഷിച്ചിരിക്കുന്നതുമായ അത്ഭുതകുരിശ്

